"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - എസ്.ഡി.ആർ.എഫ്. - കോഴിക്കോട് ജില്ല - ചേളന്നൂർ ബ്ലോക്ക് ചേളന്നൂർ ഗ്രാമപഞ്ചായത്ത് - മുല്ലോളി തേനാടത്ത് കണ്ടമ്പലത്ത് റോഡ് പുനരുദ്ധാരണ പ്രവൃത്തിയുടെ ഭരണാനുമതി കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.441/2025/DMD തീയതി,തിരുവനന്തപുരം, 28-06-2025

---

പരാമർശം:-
1. സ.ഉ.(സാധാ) നം.208/2024/ഡി.എം.ഡി, തിയതി 9.02.2024
2. കോഴിക്കോട് ജില്ലാ കളക്ടറുടെ 04.06.2025 ലെ DCKKD/13818/2024-F6 നമ്പർ കത്ത്.

**ഉത്തരവ്**

എസ്.ഡി.ആർ.എഫ്. മാനദണ്ഡ പ്രകാരം കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി പരാമർശിത ഉത്തരവ് പ്രകാരം 6,00,000/- (ആറ് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി ലഭിച്ച കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ബ്ലോക്ക് ചേളന്നൂർ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട മുല്ലോളി തേനാടത്ത് കണ്ടമ്പലത്ത് റോഡ് പ്രവൃത്തി ടെണ്ടർ/റീ-ടെണ്ടർ നടത്തിയെങ്കിലും ആരും പങ്കെടുക്കാത്തതിനാൽ സമയപരിധിക്കുള്ളിൽ കരാറിലേർപ്പെടാൻ സാധിച്ചിട്ടില്ല. 2025 ഏപ്രിൽ മുതൽ ഡി.എസ്.ആർ നിരക്കിൽ വ്യത്യാസം വരികയും പ്രൈസ് സോഫ്റ്റ് വെയർ അപ്ഡേഷൻ എന്നീ കാരണങ്ങളാൽ പ്രവൃത്തി സമയത്തിന് ആരംഭിക്കാനും പൂർത്തീകരിക്കാനും സാധിച്ചിട്ടില്ലായെന്നും മേൽ സാഹചര്യത്തിൽ പ്രസ്തുത റോഡ് പ്രവൃത്തിയുടെ ഭരണാനുമതി കാലാവധി പുതുക്കി നൽകണമെന്ന് പരാമർശിത കത്ത് പ്രകാരം ജില്ലാ കളക്ടർ അഭ്യർത്ഥിച്ചു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാ കളക്ടറുടെ ശിപാർശയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണവും പരിഗണിച്ച് പരാമർശിത ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ബ്ലോക്ക് ചേളന്നൂർ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട മുല്ലോളി തേനാടത്ത് കണ്ടമ്പലത്ത് റോഡ് പുനരുദ്ധാരണ പ്രവൃത്തിയുടെ ഭരണാനുമതി കാലാവധി ഇനി ദീർഘിപ്പിച്ച് നൽകുന്നതല്ല എന്ന വ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

3.ഭരണാനുമതി കാലാവധിക്കകത്ത് തന്നെ പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നുണ്ടെന്ന് ജില്ലാ കളക്ടർ ഉറപ്പാക്കേണ്ടതാണ്.

4.പരാമർശം (1) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JUSTIN JOY J
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോഴിക്കോട്
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം
ജില്ലാ കളക്ടർ, കോഴിക്കോട്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ,
വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. DMB3/129/2025-DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
Date: 28-06-2025 14:40:05
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ. യ്ക്ക്